# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.571 05-06-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.സി.ജോസഫ്
,, ഷാഫി പറമ്പിൽ
,, വി.എസ്.ശിവകുമാർ
,, വി.പി.സജീന്ദ്രൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ട്രഷറി നിയന്ത്രണം**

| | | |
|---|---|---|
| (എ) | സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് ഈ സാമ്പത്തിക വർഷാരംഭത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | പദ്ധതി- പദ്ധതിയേതര ചെലവിനങ്ങളുടെ 1 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. |
| (ബി) | വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും ഫണ്ട് സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സർക്കാർ ട്രഷറികളിലേക്ക് മാറ്റിയിരുന്നോ; എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം മാറ്റിയതെന്ന് വ്യക്തമാക്കുമോ; | വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ സഞ്ചിത നിധിയിൽനിന്നും അനുവദിച്ചതും ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുവാൻ സാധിക്കാത്തതുമായ ഫണ്ടുകൾ നഷ്ടപ്പെടുവാതിരിക്കുവാനായി തങ്ങളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന പ്രവണത കാലങ്ങളായി അനുവർത്തിച്ചു പോന്നിരുന്നു. ഇപ്രകാരം നിക്ഷേപിച്ചതും ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിൽ അവശേഷിച്ചതും അടക്കമുള്ള പബ്ലിക് അക്കൗണ്ടിലെ നീക്കിയിരുപ്പ് സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധിയെ ബാധിക്കുമെന്നുള്ളതുകൊണ്ട് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ വൻതോതിൽ ഫണ്ട് സൂക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത്തരം ഫണ്ട് തിരിച്ചെടുത്തത്. മുൻ സാമ്പത്തിക വർഷം വിവിധ സർക്കാർ ഉത്തരവുകളിലൂടെ ആകെ 9976.27 കോടി രൂപയാണ് പിൻവലിച്ചത്. |

| | | |
|---|---|---|
| (സി) | ഇപ്രകാരം ട്രഷറിയിലേക്ക് മാറ്റിയ തുക പ്രസ്തുത സ്ഥാപങ്ങൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | 20.02.2018, 26.02.2018, 03.04.2018 എന്നീ തീയതികളിലെ യഥാക്രമം സ.ഉ.(പി) നം. 24/18/ധന, 27/18/ധന, 57/18/ധന ഉത്തരവുകളിലൂടെയും 03.04.18, 07.05.18 എന്നീ തീയതികളിലെ 25/18/ധന, 41/18/ധന സർക്കുലറുകളിലൂടെയും പ്രസ്തുത തുകകൾ തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറ്റി നൽകുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത നിയന്ത്രണം മാറ്റാത്തത് നിർമ്മാണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിന് നിലവിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ